**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 180** **01-07-2026-ൽ മറുപടിയ്ക്ക്**

**കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. വർഗ്ഗീസ് മാമ്മൻ
ശ്രീ. റെജി ചെറിയാൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി പദ്ധതിയുടെ സവിശേഷതകൾ അറിയിക്കാമോ;

**മറുപടി:**

മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, പരിശീലന കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അനുബന്ധ സൗകര്യങ്ങളും സംയോജിപ്പിച്ച് വികസിപ്പിക്കുന്ന ആരോഗ്യ സംവിധാനമാണ് കേരള ഹെൽത്ത് & ലൈഫ് സിറ്റി. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക, മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക, മെഡിക്കൽ ടൂറിസം വികസിപ്പിക്കുക, ആരോഗ്യ മേഖലയിലെ തൊഴിൽ അവസരം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**(ബി)** മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളജുകൾ, പരിശീലന കേന്ദ്രങ്ങൾ, ഗവേഷണ ലാബുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. ഈ പദ്ധതിയിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, പരിശീലന കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയോടൊപ്പം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കും.

**(സി)** പുനരധിവാസ കേന്ദ്രങ്ങളും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**മറുപടി:** ഉണ്ട്.

**(ഡി)** സംസ്ഥാനത്താകെ എത്രയിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിക്കായി നിലവിൽ ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** 19.06.2026-ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പുതിയ പദ്ധതിയാണ് കേരള ഹെൽത്ത് & ലൈഫ് സയൻസ് സിറ്റി പദ്ധതി എത്ര ഇടങ്ങളിൽ നടപ്പാക്കണമെന്നത് സംബന്ധിച്ചും ടി പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ചും മറ്റുമുള്ള വിഷയങ്ങൾ ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്.

**(ഇ)** മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും ആരോഗ്യ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പദ്ധതി എത്രത്തോളം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ ആരോഗ്യസ്ഥാപനങ്ങളിൽ നിന്ന് രോഗികൾക്കുള്ള ചികിത്സ സൗകര്യങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ. അതിനൊപ്പം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അനുബന്ധ സൗകര്യങ്ങളും കേരള ഹെൽത്ത് & ലൈഫ് സിറ്റി പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയുടെ ഭാഗമായി രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മികച്ച നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലൂടെ സംസ്ഥാനത്തിന്/ രാജ്യത്തിന് പുറത്തുനിന്നുള്ള രോഗികളും ചികിത്സയ്ക്കായി വരികയും അതിലൂടെ മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും ആരോഗ്യമേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**